# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2950

07.12.2018-ലെ മറുപടി

### തഴക്കര,കുറത്തികാട് കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തഴക്കര കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ ന് അംഗീകാരം നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത നടപടി പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കായുള്ള പ്രാഥമിക എഞ്ചിനിയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പരിശോധനയിലാണ്. വിശദമായ എഞ്ചിനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നടത്തേണ്ട ഡിജിറ്റൽ സർവ്വേ പുരോഗമിച്ചു വരുന്നു. സർവ്വേ നടപടികൾക്കായി 2018-19 ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു. ദർഘാസ് നടപടികൾ പൂർത്തിയാക്കി സർവ്വേ പുരോഗമിച്ചു വരുന്നു. |
| (ബി) | കുറത്തികാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി)<br>&<br>(സി) | കുറത്തികാട് കുടിവെള്ള പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പ്രായിക്കര പാലത്തിനു സമാന്തരമായുള്ള ലൈൻ കല്ലുമല റെയിൽവേ പാലത്തിനു സമാന്തരമായുള്ള ലൈൻ അടക്കം 700 മീറ്ററോളം വരുന്ന ഗ്യാപ്പുകൾ, കുറത്തികാട് ഉന്നതതല ജല സംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ജലശുദ്ധീകരണ ശാലയോടനുബന്ധിച്ച് 400 KVA ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുണ്ട്.<br>റെയിൽവേ പാലത്തിനു സമാന്തരമായി പൈപ്പ് ലൈൻ ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ കേരള വാട്ടർ അതോറിറ്റി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | കല്ലുമല റെയിൽവേ ലൈൻ മറികടന്ന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ